**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 931** **29-08-2022 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക സമുദായങ്ങൾക്കുള്ള തൊഴിൽദായക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പിന്നാക്ക സമുദായത്തിൽ പെട്ടവരുടെ ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള തൊഴിൽദായക പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പിന്നാക്ക വിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന്റെ ഭാഗമായി പിന്നാക്ക വിഭാഗ വികസന വകുപ്പ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ മേഖലയിൽ ഡിപ്ലോമ/ഐ.റ്റി.ഐ/ഐ.റ്റി.സി. കോഴ്സ് പൂർത്തിയാക്കിയ പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുകയും, പ്രമുഖ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുകയും ചെയ്യുന്ന തൊഴിൽ ദായക പദ്ധതിയാണ് കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ പദ്ധതി.<br><br>കൂടാതെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട കളിമൺ പാത്ര നിർമ്മാണ തൊഴിലാളികൾ, വിശ്വകർമ്മജർ അടക്കമുള്ള പരമ്പരാഗത കരകൗശല തൊഴിൽ ചെയ്യുന്നവർ, പരമ്പരാഗത ബാർബർ സമുദായങ്ങൾ എന്നിവരുടെ തൊഴിൽ നവീകരണത്തിന് വകുപ്പ് മുഖേന ഗ്രാന്റ് അനുവദിക്കുന്നുണ്ട്. പിന്നാക്ക സമുദായത്തിൽപ്പെട്ടവരുടെ ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുള്ള തൊഴിൽദായക പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 - ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സമുദായത്തിൽപ്പെട്ട യുവതീ യുവാക്കളുടെ സ്വയം സംരംഭകത്വ പദ്ധതികൾക്ക് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (ബി) | പിന്നാക്ക വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ ബിരുദധാരികൾക്ക് സ്റ്റാർട്ട് അപ്പ് പദ്ധതികൾ ആരംഭിക്കുന്നതിനും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന വായ്പാ പദ്ധതിയിൽ 20 ലക്ഷം രൂപ വരെ വായ്പ |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതാണ്. വായ്പകൾക്ക് 20% സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കും. |
| (സി) | പിന്നാക്ക സമുദായങ്ങളിലെ പരമ്പരാഗത തൊഴിൽ മേഖലകളുടെ ആധുനികവൽക്കരണത്തിനും വരുമാന വർദ്ധനവിനുമായി നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (സി) | പിന്നാക്ക വിഭാഗത്തിൽപ്പെട്ട കളിമൺ പാത്ര നിർമ്മാണ തൊഴിലാളികൾ, വിശ്വകർമ്മജർ അടക്കമുള്ള പരമ്പരാഗത കരകൗശല തൊഴിൽ ചെയ്യുന്നവർ, പരമ്പരാഗത ബാർബർ സമുദായങ്ങൾ എന്നിവരുടെ തൊഴിൽ നവീകരണത്തിന് വകുപ്പ് മുഖേന ഗ്രാന്റ് അനുവദിക്കുന്നുണ്ട്. പിന്നാക്ക സമുദായങ്ങളിലെ പരമ്പരാഗത തൊഴിൽ മേഖലകളുടെ ആധുനികവൽക്കരണത്തിനും വരുമാന വർദ്ധനവിനുമായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | പിന്നാക്ക സമുദായങ്ങളിലെ സ്ത്രീകളുടെ വരുമാന വർദ്ധനവിനും നൈപുണ്യ വികസനത്തിനുമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ വരുമാന വർദ്ധനവിനും നൈപുണ്യ വികസനത്തിനുമായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 -ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

## മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ

<table>
<tr><th>പദ്ധതിയുടെ പേര്</th><th>പരമാവധി വായ്പാ തുക</th><th>പലിശ നിരക്ക്</th></tr>
<tr><td>1. സ്വയം തൊഴിൽ പദ്ധതി<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>15 ലക്ഷം രൂപ</td><td>5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ<br>10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8%</td></tr>
<tr><td>2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>2 ലക്ഷം രൂപ</td><td>5%</td></tr>
<tr><td>3. ലഘു വായ്പാ പദ്ധതി<br>(സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>CDS -കൾക്ക് പരമാവധി<br>3 കോടി രൂപ<br>NGO -യ്ക്ക് പരമാവധി<br>3 കോടി രൂപ</td><td>NGO / CDS – 4%,<br>SHG ക്ക് - 5%</td></tr>
<tr><td>4. മഹിളാ സമൃദ്ധി യോജന<br>(വനിതകൾക്കുള്ള ലഘു വായ്പ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>CDS -കൾക്ക് പരമാവധി<br>3 കോടി രൂപ</td><td>CDS – 3%,<br>SHG ക്ക് - 4%</td></tr>
<tr><td rowspan="2">5. റീ-ടേൺ വായ്പാ പദ്ധതി<br>(പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>30 ലക്ഷം രൂപ</td><td>5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ<br>10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8%</td></tr>
<tr><td colspan="2"><u>പ്രത്യേക ആനുകൂല്യം</u><br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി. വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി.</td></tr>
<tr><td rowspan="2">6. സ്റ്റാർട്ട്-അപ്പ് വായ്പാ പദ്ധതി<br>(പ്രൊഫഷണലുകൾക്ക് യോഗ്യതാടിസ്ഥാനത്തിൽ വരുമാന ദായക സംരംഭം ആരംഭിക്കുന്നതിനായി)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>20 ലക്ഷം രൂപ</td><td>5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ<br>10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8%</td></tr>
<tr><td colspan="2"><u>പ്രത്യേക ആനുകൂല്യം</u><br>വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി.</td></tr>
<tr><td rowspan="2">7. റീ-ലൈഫ്<br>(ചെറിയ മൂലധന നിക്ഷേപം ആവശ്യമായ നാമമാത്ര / ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി)<br>(1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>1 ലക്ഷം രൂപ</td><td>പലിശ നിരക്ക് - 5%</td></tr>
<tr><td colspan="2"><u>പ്രത്യേക ആനുകൂല്യം</u><br>വായ്പാ തുകയുടെ 50% (പരമാവധി 25,000 രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി.</td></tr>
</table>

## KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതി

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പ്രവർത്തന മൂലധന വായ്പ (3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 7% |
| 2. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ (8,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 8% |

## അനുബന്ധം - 2

- പിന്നാക്ക സമുദായങ്ങളിലെ സ്ത്രീകളുടെ വരുമാന വർദ്ധനവിനും നൈപുണ്യ വികസന ത്തിനുമായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാന വായ്പാ പദ്ധതികളിലൊന്നാണ് ന്യൂസ്വർണ്ണിമ ടി പദ്ധതി പ്രകാരം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് പുതിയ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 2 ലക്ഷം രൂപ 5% പലിശ നിരക്കിൽ വായ്പയായി അനുവദിച്ചുവരുന്നു. പ്രായപരിധി 18 മുതൽ 55 വയസ്സുവരെയാണ്.

- കൂടാതെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ച് സന്നദ്ധ സംഘടനകൾ/സി.ഡി.എസ്. മുഖേന സ്ത്രീകൾക്ക് നടപ്പിലാക്കിവരുന്ന മറ്റ് രണ്ട് പ്രധാന വായ്പാ പദ്ധതികൾ ചുവടെ ചേർക്കുന്നു

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുളളവർക്ക്) | CDS -കൾക്ക് പരമാവധി 3 കോടി രൂപ NGO -യ്ക്ക് പരമാവധി 3 കോടി രൂപ | NGO / CDS - 4%, SHG ക്ക് - 5% |
| 2. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുളള ലഘു വായ്പ) (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുളളവർക്ക്) | CDS -കൾക്ക് പരമാവധി 3 കോടി രൂപ | CDS - 3%, SHG ക്ക് - 4% |

- ടി പദ്ധതികൾക്ക് പുറമേ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന മറ്റ് സ്വയംതൊഴിൽ വായ്പാ പദ്ധതികൾ സ്ത്രീകൾക്കും ബാധകമാണ്.